പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 73

# 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 73

# 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 73

# 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

1979 -ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1979 -ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ആക്റ്റ് (1984-ലെ 19) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 5-ാം വകുപ്പിന്റെ ഭേദഗതി.– 1979-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ആക്റ്റിലെ (1984-ലെ 19) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 5-ാം വകുപ്പിൽ,–

(1) (1)-ാം ഉപവകുപ്പിൽ " ഒരു രൂപ" എന്ന വാക്കുകൾക്ക് പകരം "രണ്ടു രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (2)-ാം ഉപവകുപ്പിൽ " ഒരു രൂപ" എന്ന വാക്കുകൾക്ക് പകരം "രണ്ടു രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (3എ) ഉപവകുപ്പിൽ, "തുകയ്ക്ക് തുല്യമായ ഒരു തുക" എന്ന വാക്കുകൾക്ക് പകരം " പകുതി തുകയ്ക്ക് തുല്യമായ ഒരു തുക " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി(ഭേദഗതി) ഓർഡിനൻസ് (2021-ലെ 128) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1979-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ആക്റ്റിന്റെ (1984-ലെ 19) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, ഓരോ തൊഴിലാളിക്കും കശുവണ്ടി ഫാക്ടറിയിൽ അയാൾ ജോലി ചെയ്ത ഓരോ ദിവസത്തേക്കും ഒരു രൂപ എന്ന നിരക്കിൽ ഒരു തൊഴിലുടമ നിധിയിലേക്ക് അംശദായം നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, ഒരു തൊഴിലാളി കശുവണ്ടി ഫാക്ടറിയിൽ ജോലി ചെയ്യുന്ന ഓരോ ദിവസത്തേക്കും ഒരു രൂപ എന്ന നിരക്കിൽ അംശദായം നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. (2)-ാം ഉപവകുപ്പ് പ്രകാരം, തൊഴിലാളികൾ അടയ്ക്കുന്ന അംശദായത്തിന്റെ തുകയ്ക്ക് തുല്യമായ ഒരു തുക ഗ്രാന്റായി നിധിയിലേക്ക് വർഷംതോറും സർക്കാർ നല്കേണ്ടതാണ് എന്ന് 5-ാം വകുപ്പ് (3 എ) ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

2. കശുവണ്ടി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാനും ഭരണ ചെലവുകൾ വഹിക്കാനും കശുവണ്ടി തൊഴിലാളി ക്ഷേമനിധിയിലെ വരുമാനം നിലവിൽ തികച്ചും അപര്യാപ്തമാണ്. അതിനാൽ, കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ശിപാർശയിന്മേൽ, കശുവണ്ടി ഫാക്ടറിയിൽ ജോലി ചെയ്യുന്ന ഓരോ ദിവസത്തെ ജോലിയ്ക്കും ഓരോ തൊഴിലാളിയ്ക്ക് വേണ്ടി ഓരോ തൊഴിലുടമയും നിധിയിലേക്ക് അടയ്ക്കേണ്ട അംശദായം രണ്ടു രൂപയായി വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയും, കശുവണ്ടി ഫാക്ടറിയിലെ ഓരോ ദിവസത്തെ ജോലിയ്ക്കും തൊഴിലാളി അടയ്ക്കേണ്ട അംശദായം രണ്ടു രൂപയായി വർദ്ധിപ്പിക്കാനും കൂടാതെ സർക്കാർ അംശദായം തൊഴിലാളികളുടെ അംശദായത്തിന്റെ പകുതിയായി പരിമിതപ്പെടുത്തുവാനും തീരുമാനിക്കുകയും, 1979 -ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ആക്റ്റിന്റെ 5-ാം വകുപ്പ് (1), (2), (3 എ) എന്നീ ഉപവകുപ്പുകൾ അനുയോജ്യമായി ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി)ഓർഡിനൻസ് 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10-ാം തീയതിയിലെ 658-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 8-ാം നമ്പർ ഓർഡിനൻസ് ആയി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി)ഓർഡിനൻസ് 2021 ജൂലൈ 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 2-ാം തീയതിയിലെ 1922- ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 54-ാം നമ്പർ ഓർഡിനൻസ് ആയി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി)ഓർഡിനൻസ് 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 24-ാം തീയതിയിലെ 2462- ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 128-ാം നമ്പർ ഓർഡിനൻസ് ആയി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

8. 2021-ലെ 128-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വി. ശിവൻകുട്ടി

//ശരിത്തർജ്ജമ//

## 1979 -ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ആക്റ്റിൽ (1984-ലെ 19) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

5. <u>അംശദാനവും പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങളും</u>.— (1) ഓരോ തൊഴിലാളിക്കും കശുവണ്ടി ഫാക്ടറിയിൽ അയാൾ ജോലിചെയ്ത ഓരോ ദിവസത്തേക്കും ഒരു രൂപ എന്ന നിരക്കിലാണ്, ഒരു തൊഴിലുടമ നിധിയിലേക്ക് അംശദാനം നൽകേണ്ടത്.

(2) ഒരു തൊഴിലാളി കശുവണ്ടി ഫാക്ടറിയിൽ ജോലിചെയ്യുന്ന ഓരോ ദിവസത്തേക്കും ഒരു രൂപ എന്ന നിരക്കിലാണ് തൊഴിലാളി അംശംദാനം നൽകേണ്ടത്.

(2 എ) 1990-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ആക്റ്റിന്റെ പ്രസിദ്ധീകരണത്തീയതിക്കു മുൻപുള്ള കാലയളവിൽ നൽകേണ്ട അംശദായത്തുക കുടിശ്ശികയായതായി കരുതപ്പെടേണ്ടതും സർക്കാർ വിനിർദ്ദേശിക്കുന്ന തവണകളിലും രീതിയിലും ഫണ്ടിലേക്ക് നൽകേണ്ടതുമാണ്.

(3) 9-ാം വകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള തീയതിക്കു മുമ്പ് തൊഴിലുടമ തൊഴിലുടമയുടെ വിഹിതത്തോടൊപ്പം തൊഴിലാളി നൽകേണ്ടതായ അംശദാനം അയാളുടെ വേതനത്തിൽ നിന്നും കുറവുചെയ്യേണ്ടതും നിധിയിലേക്ക് വരവു വയ്ക്കേണ്ടതുമാണ്.

(3 എ) സർക്കാർ (2)-ാം ഉപവകുപ്പു പ്രകാരം തൊഴിലാളികൾ അടയ്ക്കുന്ന അംശദായത്തിന്റെ തുകയ്ക്ക് തുല്യമായ ഒരു തുക ഗ്രാന്റായി ഓരോ വർഷവും നിധിയിലേക്ക് സംഭാവന നല്കേണ്ടതാണ്.

** ** ** **